പിരിച്ചെടുത്ത നികുതികൾ

14 [2170] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ പുതിയ നികുതികളാണ് 1991 മാർച്ച് 1-ാം തീയതിവരെ പിരിച്ചെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-3-1991 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നു.

(ബി) കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികളും വിൽപ്പന നികുതി നിയമത്തിലെ സെക്ഷൻ 23 (2) ബി അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കാർഷികാദായ നികുതി വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർ കുടിശ്ശിക വരുത്തിയവരെ നേരിൽ കണ്ട് കുടിശ്ശിക അടയ്ക്കുവാൻ പ്രേരിപ്പിക്കാറുണ്ട്.

നടപ്പിലാക്കാനുള്ള നികുതി നിർദ്ദേശങ്ങൾ

15 [2171] ശ്രീ. ടി. എം. ജേക്കബ്:
,, മാത്യു സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർദ്ദേശിക്കപ്പെട്ട എത്ര നികുതികൾ നടപ്പിലാക്കാനുണ്ട്;

(ബി) ഇവ നടപ്പിലാക്കുന്നതിനുവേണ്ടി എന്തെങ്കിലും നിയമ നിർമ്മാണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാല്.

(ബി, സി) വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു.

കെട്ടിട നികുതി വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ നടപടി

16 [2173] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടുമൂന്ന് വർഷം മുമ്പ് പണിയാരംഭിച്ച കെട്ടിടങ്ങളെ പുതിയ കെട്ടിട നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ കെട്ടിട നികുതി വർദ്ധനവില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly